കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - മലപ്പുറം നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. അബ്ദുൾ കരീം. കെ.എ കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 69/2017 ൽ 21.11.2017 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയ്യ) വകുപ്പ്

സ.ഉ.(സാധാ) നം. 401/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.02.2018.

പരാമർശം : 1) മലപ്പുറം നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. അബ്ദുൾ കരീം. കെ.എ. സർക്കാരിൽ സമർപ്പിച്ച 07.11..2017 തീയതിയിലെ നിവേദനം. (Annexure MA1)

2. ശ്രീ. അബ്ദുൾ കരീം. കെ.എ. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 69/2017 കേസിൽ 21.11.2017 തീയതിയിലുണ്ടായ വിധിന്യായം.

ഉത്തരവ്

മലപ്പുറം നഗരസഭയിലെ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. അബ്ദുൾ കരീം. കെ.എ. പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി മലപ്പുറം നഗരസഭയിൽ ജോലിചെയ്തുവരവേ സ്ഥലംമാറ്റം ആവശ്യപ്പെട്ടു നൽകിയ അപേക്ഷ പരിഗണിക്കാതെ വളാഞ്ചേരി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റുകയും കൃലിസ്റ്റിൽ ഏറ്റവും അവസാനം നിൽക്കുന്ന ശ്രീ. ഉമ്മർ തോട്ടപ്പള്ളിയെ മലപ്പുറം നഗരസഭയിൽ ടിയാന് പകരമായി നിയമിച്ചുവെന്നും, വിരമിക്കുന്നതിന് 3 വർഷവും 3 മാസവും മാത്രം അവശേഷിക്കുന്നതിനാലും നിലമ്പൂർ സ്വദേശിയായതിനാലും നാളിതുവരെ നിലമ്പൂർ നഗരസഭയിൽ ജോലി ചെയ്തിട്ടില്ലാത്തതിനാലും ടിയാനെ നിലമ്പൂർ നഗരസഭയിലോ, ജനുവരിയിൽ തസ്തികക്കയറ്റത്തിന് അർഹതയുള്ളതിനാൽ തസ്തികക്കയറ്റം ലഭിക്കുകയാണെങ്കിൽ മഞ്ചേരി, മലപ്പുറം, ഷൊർണ്ണൂർ, ഒറ്റപ്പാലം നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്കോ സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ശ്രീ. അബ്ദുൾ കരീം. കെ.എ. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 69/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ

MA1 അപേക്ഷ പരിശോധിച്ച് അപേക്ഷകനെയും 4-ാം എതിർകക്ഷിയേയും നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം 27.12.2017-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകനെയും 4-ാം എതിർകക്ഷിയേയും നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്തും ടിയാളുടെ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. ശ്രീ. ഉമ്മർ തോട്ടപ്പള്ളിയുടെ വാദങ്ങൾ പ്രകാരം 30.07.2016 മുതൽ കൊടുങ്ങല്ലൂർ നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി സേവനമനുഷ്ഠിക്കുന്നുവെന്നും മഞ്ചേരിയ്ക്കടുത്താണ് സ്വന്തം സ്ഥലമെന്നും 20 വർഷത്തിലേറെയായി പ്രമേഹ രോഗിയാണെന്നും റൂമാറ്റിക് ആർത്രൈറ്റിസ്, പ്രോസ്റ്റാറ്റിക് എൻലാർജ്മെന്റ് തുടങ്ങിയ രോഗങ്ങളുണ്ടെന്നും ടിയാന്റെ ഭാര്യ അസ്മ. ഹൈപ്പർ തൈറോയിഡിസം, തുടങ്ങിയ അസുഖങ്ങളാൽ ചികിത്സയിലാണെന്നും 4-ഉം 1 ഉം വയസ്സായ കുട്ടികൾ വിവിധ അസുഖങ്ങളാൽ ആശുപത്രിയിലാണെന്നും കൂടാതെ 2 പെൺകുട്ടികൾ വിവാഹപ്രായം കഴിഞ്ഞ് നിൽക്കുന്നുണ്ടെന്നും അതിനാലാണ് മഞ്ചേരി, മലപ്പുറം നഗരസഭകളിലൊന്ന് ലഭിക്കുന്നതിനായി സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയത് എന്നും സ്വന്തം ജില്ലയിൽ 2 വർഷവും കുറച്ച് മാസവും മാത്രമേ ടിയാൻ ജോലിചെയ്തിട്ടുള്ളൂവെന്നും എന്നാൽ ശ്രീ. അബ്ദുൾ കരീം മൂന്നര വർഷം സ്വന്തം ജില്ലയിൽ ജോലിചെയ്തിരുന്നുവെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നോംസ് തെറ്റിച്ച് മ്യൂച്ചൽ ട്രാൻസ്ഫർ തരമാക്കിയിട്ടുണ്ടെന്നും അതിനാൽ വിരമിക്കുന്നതിന് 1 വർഷവും 5 മാസവും (31.05.2019) മാത്രം അവശേഷിക്കുന്ന ടിയാനെ നോംസിന്റെ പേരിൽ സ്ഥലംമാറ്റം തടഞ്ഞ നടപടി ന്യായീകരിക്കത്തക്കതല്ലെന്നും അഭിപ്രായപ്പെട്ടു.

4. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, മലപ്പുറം നഗരസഭയിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ആയി ജോലി ചെയ്തുവരവേ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിച്ച് ശ്രീ. കെ. അബ്ദുൾ കരീമിനെ വളാഞ്ചേരി നഗരസഭയിലേയ്ക്ക് മാറ്റുകയും പകരക്കാരനായി വിരമിയ്ക്കൽ പ്രായവും മറ്റും കണക്കിലെടുത്ത് ശ്രീ. ഉമ്മർ തോട്ടപ്പള്ളിയെ മലപ്പുറം നഗരസഭയിലും നിയമിച്ചു. 2017-18 കാലയളവിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23.02..2017 വരെയായിരുന്നു. എന്നാൽ ടി തീയതിക്കുശേഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെക്കൂടി പരിഗണിക്കുന്നതിനായി പൊതു സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 22.05.2017 വരെ നീട്ടി നൽകുകയും അതിന്റെയടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ ക്യൂലിസ്റ്റും കരട് സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. 25.02.2017-ലെ സ.ഉ(പി) നം. 3/2017 ഉഭപവ. ഉത്തരവ് നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017 നു ശേഷം ലഭിച്ച അപേക്ഷരെ ഒഴിവാക്കി 06.10.20017-ൽ ഉത്തരവ് പുറപ്പെടുവിച്ചു. സർക്കാർ നിർദ്ദേശം വന്നതോടെ കരട് സ്ഥലംമാറ്റ സാധ്യതാ പട്ടികയ്ക്കും ക്യൂലിസ്റ്റിനും സാധുത നഷ്ടപ്പെട്ടു. പൊതുസ്ഥലംമാറ്റമാണ് ഇവിടെ വിഷയമായിരിക്കുന്നത്.

5. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ MA1 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ വിമിക്കുന്നതിന് 3 വർഷവും 3 മാസവും മാത്രം അവശേഷിക്കുന്നതിനാലും നാളിതുവരെ വീടിനടുത്തുള്ള നഗരസഭയിൽ ജോലിചെയ്തിട്ടില്ലാത്തതിനാലും 28.02.2018-നു മുമ്പായി അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന നിലമ്പൂർ നഗരസഭയിലോ 2018 ജനുവരിയിൽ തസ്തികക്കയറ്റം ലഭിക്കുകയാണെങ്കിൽ മഞ്ചേരി, മലപ്പുറം, ഷൊർണ്ണൂർ, ഒറ്റപ്പാലം നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ, ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭതന്നെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ 25.02.2017 ലെ സർക്കാർ ഉത്തരവിലെ പ്രത്യേക മുൻഗണന പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുന്നതിനും, നാലാം എതു കക്ഷിയും, വിരമിക്കുന്നതിന് 1 വർഷവും 5 മാസവും മാത്രം അവശേഷിക്കുന്ന ശ്രീ. ഉമ്മർ തോട്ടപ്പള്ളിയെ മഞ്ചേരി, മലപ്പുറം നഗരസഭകളിൽ ഏതിലെങ്കിലും സർക്കാരിന്റെ 25..2.2017 ലെ ഉത്തരവിലെ മുൻഗണനാക്രമം 10(xi) ന് വിധേയമായി സ്ഥലംമാറ്റുന്നതിനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.എസ്. സന്തോഷ്,

അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. അബ്ദുൾ കരീം, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, മലപ്പുറം നഗരസഭ,
ശ്രീ. ഉമ്മർ തോട്ടപ്പള്ളി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, കൊട്ടുങ്ങല്ലൂർ നഗരസഭ,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ